# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2743** — **09.03.2017-ൽ മറുപടിയ്ക്ക്**

## പൂക്കോട്ട് കാവ് ഗ്രാമപഞ്ചായത്തിൽ 'ശില്പഗ്രാമം' പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉണ്ണി | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്തിലെ കല്ലുവഴിയിൽ നിന്നും കരിങ്കൽ ശില്പങ്ങൾ, മുളകൊണ്ട് നിർമ്മിക്കുന്ന കരകൗശലവസ്തുക്കൾ, കളിമൺ ശില്പങ്ങൾ മുതലായവ വിദേശ രാജ്യങ്ങളിലേക്കും, മറ്റ് ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിലേക്കും കയറ്റുമതി ചെയ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | കരിങ്കൽ ശില്പങ്ങളും മുളകൊണ്ട് നിർമ്മിക്കുന്ന കരകൗശല വസ്തുക്കളും കളിമൺ ശില്പങ്ങളും വിദേശരാജ്യങ്ങളിലേക്കും ഇതര സംസ്ഥാന ങ്ങളിലേക്കും കയറ്റുമതി ചെയ്യപ്പെടുന്നതിന് സാധ്യത ഉള്ള പക്ഷം ലളിതകലാ അക്കാദമി മുഖേന ശുപാർശകൾ ലഭ്യമാക്കി പരിശോധിച്ച് അനുയോജ്യമെങ്കിൽ പൂക്കോട്ട് ഗ്രാമ പഞ്ചായത്തിൽ 'ശില്പഗ്രാമം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. |
| (ബി) | ഇവരുടെ തൊഴിലും ജീവിതവും മെച്ചപ്പെടുത്തുന്നതിനും കലാമൂല്യം പ്രചരിപ്പിക്കുന്നതിനും ലക്ഷ്യം വച്ച് 'ശില്പഗ്രാമം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ